# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3765 | 21.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ഇ-വേ ബിൽ സമ്പ്രദായം

| | ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിനകത്ത് ഇ-വേ ബിൽ സമ്പ്രദായം നടപ്പാക്കുന്നതിന് സർക്കാർ എന്തൊക്കെ നിബന്ധനകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് 2018 ഏപ്രിൽ 1 മുതൽ അന്തർ സംസ്ഥാന ചരക്കുനീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിൽ 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള ചരക്കുകളുടെ കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാണ്. 10 കിലോമീറ്ററിന് മുകളിലുള്ള ചരക്കുനീക്കത്തിന് വാഹനനമ്പർ ഇല്ലാതെയുള്ള ഇ-വേ ബില്ലിന് സാധുതയില്ല. ഇ-വേ ബിൽ ഒഴിവാക്കിയിട്ടുള്ള ചരക്കുകളുടെ വിവരം കേന്ദ്രവിജ്ഞാപനം 27/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ യന്ത്രവൽക്കൃതമല്ലാത്ത വാഹനങ്ങളിലൂടെയുള്ള ചരക്കുനീക്കത്തിന് ഇ-വേ ബിൽ ഒഴിവാക്കിയിട്ടുണ്ട്. ട്രാൻസ്പോർട്ടറെ സംബന്ധിച്ചിടത്തോളം ഒരു ബില്ലിൽ 50,000/- രൂപ എന്ന പരിധി ബാധകമല്ല. ഒരു വാഹനത്തിൽ മൊത്തം 50,000/- രൂപയ്ക്ക മുകളിലുള്ള ചരക്കുകൾ ഉണ്ടെങ്കിലും ഇ-വേ ബിൽ എടുക്കേണ്ടതുണ്ട്.<br><br>ഇതുകൂടാതെ സംസ്ഥാന സർക്കാർ വിജ്ഞാപനം നം. 03/2018 പ്രകാരം വാൻ സെയിലും സംസ്ഥാനത്തിനകത്ത് കർഷകരിൽ നിന്നും നേരിട്ടുള്ള റബ്ബർ സ്ക്രാപ്പ്, റബ്ബർ ഷീറ്റ്, റബ്ബർ പാൽ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വാങ്ങലും 25 കിലോമീറ്ററിനുള്ളിൽ സ്വന്തം |

| | | | |
|---|---|---|---|
| | | | ആവശ്യങ്ങൾക്കായിട്ടുള്ള സാധനങ്ങളുടെ വാങ്ങലും ഇ-വേ ബില്ലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.<br><br>ഇ-വേ ബിൽ പരിശോധിക്കുന്നതിന് സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകളും സർവെയലൻസ് ക്യാമറകളും ഉപയോഗിച്ച് ഇ-വേ ബിൽ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**